**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *328** **22/08/2017 ൽ മറുപടിയ്ക്ക്**

## ചിൽഡ്രൻസ് ഹോമുകളിൽ നിന്ന് കുട്ടികളെ കാണാതാവുന്ന സംഭവങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി.<br>" മഞ്ഞളാംകുഴി അലി<br>" പി.കെ ബഷീർ<br>" വി.കെ ഇബ്രാഹിം കുഞ്ഞ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ചിൽഡ്രൻസ് ഹോമുകളിൽ നിന്ന് അന്തേവാസികളായ കുട്ടികളെ കാണാതാവുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സാമൂഹ്യനീതി വകുപ്പിന് കീഴിൽ 10 ചിൽഡ്രൻസ് ഹോമുകളും 6 ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളും സന്നദ്ധ സംഘടനയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ചിൽഡ്രൻസ് ഹോമുമുണ്ട്. ഈ ചിൽഡ്രൻസ് ഹോമുകളിൽ നിന്നും താമസക്കാരായ ചില കുട്ടികളെ കാണാതാവുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുട്ടികൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഉപേക്ഷിച്ച് പോകുന്നതിന് ഇടയാക്കുന്ന സാഹചര്യം എന്താണെന്ന് ഓരോ കേസ്സിലും പരിശോധിക്കാറുണ്ടോ ; | (ബി) പരിശോധിക്കാറുണ്ട്. |
| (സി) സംസ്ഥാനത്ത് ചിൽഡ്രൻസ് ഹോമുകളിലും ഇത്തരത്തിലുള്ള മറ്റ് സ്ഥാപനങ്ങളിലും ഉള്ള അന്തേവാസികളായ കുട്ടികൾക്ക് മെച്ചപ്പെട്ട സാഹചര്യം ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ ചിൽഡ്രൻസ് ഹോമുകളിലെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കും, കുട്ടികൾക്ക് മെച്ചപ്പെട്ട ഭക്ഷണം, സംരക്ഷണം, വിദ്യാഭ്യാസം എന്നിവ നൽകുന്നതിനും കലാ-കായിക പ്രവർത്തനങ്ങൾ, സർഗ്ഗവാസനകൾ, വായനാശീലം എന്നിവ പരിപോഷിപ്പിക്കുന്നതിനും കുട്ടികളുടെ മാനസിക - ശാരീരിക-സാമൂഹ്യ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ടും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്, |

സെക്ഷൻ ഓഫീസർ